# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.24/211/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 19/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM.24/211/2022 തീയ്യതി: 19/03/2022

## മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 24-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 24-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജഹാൻ ഖുറേശി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിനീത.പി പി പി,ഓഡിറ്റർ
ശ്രീമതി.ഷീബ പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി എം വി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലത എ | സെക്രട്ടറി | 01-04-2019 | 05-02-2020 |
| | | 25-02-2020 | 31-03-2020 |
| ശ്രീ. അബ്ദു സലീം വി പി | സെക്രട്ടറി ഇൻ ചാർജ്ജ് | 06-02-2020 | 24-02-2020 |
| ശ്രീ. അബ്ദു സലീം വി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ജസീല മോൾ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി . റജീന കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. വിനോദിനി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-12-2019 |
| ശ്രീമതി . സ്വപ്ന ടി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-01-2020 | 31-03-2020 |
| ഡോ.മുഹമ്മദാലി കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ. റോജ നഫ്സത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 18-11-2020 |
| ഡോ. ഷഹാന സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 19-11-2019 | 31-03-2020 |
| ഡോ. വിശാഖ് വിശ്വം | വെറ്ററിനറി സർജൻ | 01-04-2019 | 16-08-2019 |
| ഡോ. ഷീജ വാസു | വെറ്ററിനറി സർജൻ | 17-08-2019 | 31-03-2020 |
| ശ്രീ. രവീന്ദ്രൻ യു | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സജിത | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. രാജ് കുമാർ | വി. ഇ.ഒ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 24-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 16-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 26-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 19-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 24-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 19-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 19-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക പരിശോധന -അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-11-1 |
| 13 | ഒലിയത്ത് അംഗൻവാടി നിർമ്മാണം - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-12 |
| 14 | ശിശു സൗഹൃദ അംഗൻ വാടി പദ്ധതി-അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-13 |
| 15 | രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 6,50,263 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-14 |
| 16 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-15 |
| 17 | കിളിയത്തുംകുഴി പോരക്കോട് റോഡ് ടാറിങ് - മണ്ണ് നിറക്കൽ പ്രവൃത്തിക്ക് | 1-16 |

| | | |
|---|---|---|
| | അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | |
| 18 | കുടിവെള്ള പദ്ധതി -GI പൈപ്പിന് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-17 |
| 19 | രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്- ചെലവ് തുക 56,932 രൂപ തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-18 |
| 20 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-19 |
| 21 | ടെണ്ടർ നടപടികളിൽ സുതാര്യതയില്ല<br>Written By: E.Moosa (Asst. Audit Officer, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-20 |
| 22 | യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല.<br>Written By: E.Moosa (Asst. Audit Officer, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-21 |
| 23 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ GST ഈടാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-22 |
| 24 | കറവ പശു വിതരണം - പദ്ധതി അപാകതകൾ<br>Written By: Vineetha P P (Auditor, On 24-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 24-01-2022) | 1-23 |
| 25 | ചട്ടപ്രകാരം പാർക്കിങ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിൽ പെർമിറ്റ്,നമ്പർ അനുവദിച്ചു<br>Written By: SHEEBA P (Auditor, On 23-01-2022)<br>Last Updated By: SHEEBA P (Auditor, On 25-01-2022) | 1-24 |
| 26 | റോഡ് റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത<br>Written By: SHEEBA P (Auditor, On 24-01-2022)<br>Last Updated By: SHEEBA P (Auditor, On 24-01-2022) | 1-25 |
| 27 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-തുക ക്രമീകരിക്കേണ്ടതാണ്.<br>Written By: SHEEBA P (Auditor, On 24-01-2022)<br>Last Updated By: SHEEBA P (Auditor, On 24-01-2022) | 1-26 |
| 28 | തൊഴിൽ നികുതി-രജിസ്റ്ററുകളുടേയും അർദ്ധ വാർഷിക റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ<br>Written By: SHEEBA P (Auditor, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-27 |
| 29 | എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് നൽകൽ പദ്ധതി- GST ഇനത്തിൽ 2%TDS കുറവ് ചെയ്തില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 1-28 |
| 30 | തെരുവ് വിളക്കുകളുടെ പരിപാലനം പദ്ധതി- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 24-01-2022) | 1-29 |
| 31 | ജനസൗഹൃദ പഞ്ചായത്ത് - അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 208,252 രൂപ തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 24-01-2022) | 1-30 |

| | | |
|---|---|---|
| 32 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 24-01-2022) | 1-31 |
| ഭാഗം **2** | | |
| 1 | റോഡ് റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത<br>Written By: SHEEBA P (Auditor, On 25-01-2022)<br>Last Updated By: SHEEBA P (Auditor, On 25-01-2022) | 2-1 |
| ഭാഗം **3** | | |
| 1 | കുടിവെള്ള പദ്ധതി -GI പൈപ്പിന് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 3-1 |
| 2 | മണ്ണ് നിറക്കൽ - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 24-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 26-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-01-2022)<br>Last Updated By: Unni.P (Deputy Director, On 10-03-2022) | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 20.02.2019 ലെ തീരുമാനം നമ്പർ 1(1) | ഇല്ല |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 08.06.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24158443.05 |
| വരവ് | 75625596 |
| ആകെ | 99784039.05 |
| ചെലവ് | 68257512 |
| നീക്കിയിരിപ്പ് | 31526527.05 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16672871 | 16672871 | 11706615 | 4966256 |
| വികസന ഫണ്ട് (SCP) | 0 | 11834176 | 11834176 | 6375110 | 5459066 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| CFC | 0 | 14284521 | 14284521 | 9002979 | 5281542 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 9352000 | 9352000 | 8413823 | 938177 |
| മെയിന്റനൻസ് ഫണ്ട് | 0 | 5511000 | 5511000 | 3256336 | 2254664 |

| | | | | | |
|---|---|---|---|---|---|
| -റോഡിതരം | | | | | |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 384 | 188542979 | 269 | 57005211 | - | 115 | 70.05 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 107453.50 | 1023777 | 1131230.5 | 875714 | 255516.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13873833 | 13873833 | 13873833 | 0 |
| ആകെ | 107453.50 | 14897610 | 15005063.5 | 14749547 | 255516.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 30360 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 2517000 | 1573 |
| വിധവാ പെൻഷൻ | 10688400 | 6680 |
| വാർദ്ധക്യകാല പെൻഷൻ | 12915000 | 8071 |
| വികലാഗ പെൻഷൻ | 3166900 | 1979 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 759000 | 474 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2022 ന് 3:05 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 13,608/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജെക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തിയിട്ടില്ല.

3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേട്ടുകൾ കൃത്യമായി എഴുതുന്നില്ല. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥർ പ്രോജെക്ട് രജിസ്റ്റർ

സൂക്ഷിക്കേണ്ടതാണ്. എന്നാൽ ചില നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർ). എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

5. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.

7. ഡയറി എക്സ്റ്റൻഷൻ ഓഫീസർ TR 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

8. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2021 മുതൽ 20.11.2021 വരെ | 09/2021 മുതൽ 10/2021 വരെ | 20.11.2021 |
| എ.ജി. ഓഡിറ്റ് | 20.11.2019 മുതൽ 29.11.2019 | 2014-15 മുതൽ 2018-19 | 24.12.2019 |

## 1-11 വാർഷിക ധനകാര്യ പത്രിക പരിശോധന -അപാകതകൾ

2019-20 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല.(ബാങ്ക് ബുക്കുകൾ ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

2.SMGB A/C No. 40129100107004 31.3 20 -ൽ പാസ്ബുക്ക് പ്രകാരം ബാലൻസ് ഇല്ല -RP 40(b) പ്രകാരം നീക്കിയിരിപ്പ് 4936 ഉണ്ട്. Reconciliation Statement -ഹാജരാക്കിയില്ല.

3.തൊഴിൽ നികുതി ,D&O ലൈസൻസ് ,ഡെപ്പോസിറ്റ് ,അഡ്വാൻസ് എന്നീ രജിസ്റ്റർ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.Contractors Retention AFS പ്രകാരം വരവ് 150672(RP -34) എന്നാൽ രജിസ്റ്റർ പ്രകാരം 168172

5.General Purpose Fund ACR പ്രകാരം വരവ് 16867195,എന്നാൽ AFS പ്രകാരം 16823000.

6.Bidder's EMD രജിസ്റ്റർ പ്രകാരം 31.3.20 ലെ നീക്കിയിരിപ്പ് 34600 .എന്നാൽ AFS പ്രകാരം 22600(B-7)

7.B-7 പ്രകാരം Election Deposit ആയി 4000 രൂപ യുണ്ട് .ആയത് Deposit രജിസ്റ്ററിൽ ചേർത്തിട്ടില്ല.

8.സംയുക്ത പദ്ധതികൾക്കായി ലഭിച്ച മുഴുവൻ തുകയും AFS -ൽ ഉൾപ്പെടുത്തിയിട്ടില്ല

| ക്രമ നം | സ്ഥാപനം | ലഭിച്ച തുക (ചെലവ് പത്രിക പ്രകാരം) | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 829798 | 279798 | 550000 |
| 2 | ബ്ളോക്ക് പഞ്ചായത്ത് | 2584927 | 1684927 | 900000 |

9.Treasury Special TSB Joint Venture Account ലെ Closing Balance 1132500 രൂപയാണ്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം 832500 രൂപയാണ് ഈ ഇനത്തിലെ ആകെ ബാധ്യത. വ്യത്യാസം 300000.

10.ഓഡിറ്റ് റിക്കവറി ഇനത്തിൽ 408 രൂപ വരവ് ഉണ്ട്. ആയതിന്റെ വിശദാംശം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11. വസ്തു നികുതി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

12 EMS ഭവന പദ്ധതി Joint MDC പെരിന്തൽമണ്ണയിൽ RP 40(b) പ്രകാരം 7005 രൂപ നീക്കിയിരിപ്പ് ഉണ്ട്. ആയതിന്റെ പാസ്ബുക്ക് ലഭ്യമാക്കിയില്ല.

13.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും പുതിയരേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14.മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

15.കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങൾ 2011 ലെ ചട്ടം (62) പ്രകാരമുള്ള അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ചേർത്തിട്ടില്ല.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ

2019-20 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രൊജക്ട് നം. 145/20 ന് ചെലവഴിച്ച 64896 രൂപയും പ്രൊജക്ട് നം.411/20 ലൈഫ് മിഷൻ വായ്പ (SCP)തിരിച്ചടവിന് ചെലവഴിച്ച 29412 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല.ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.27 തി. 22.1.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 ഒലിയത്ത് അംഗൻവാടി നിർമ്മാണം - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒലിയത്ത് അംഗൻവാടി കെട്ടിട നിർമ്മാണം (13/20) എന്ന പ്രവൃത്തിയുടെ ആകെ മൂല്യ നിർണ്ണയം യഥാർത്ഥത്തിൽ 506667 രൂപയാണ്. എന്നാൽ അളവ് പുസ്തകത്തിൽ (Memorandum Of Payment) 509311 എന്ന് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. അധികം നൽകിയ 2644.30 രൂപ ഈ പ്രവൃത്തിയുടെ ഇനം 9 സെന്ററിങ് & ഷട്ടറിങ് ഫോർ ലിന്റൽ, ബീം 5.619$m^2$ ചെയ്തതിന്റെ തുകയായി അളവ് പുസ്തകം 82/18-19 പേജ് 8 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി ചെയ്തതിന്റെ വിശദാംശങ്ങൾ (നീളം, വീതി, ഏരിയ Etc...) അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തുന്ന ഭാഗങ്ങളിൽ ഇല്ല. ഈ ഇനത്തിൽ അധികം നൽകിയ 2644 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ മൂല്യ നിർണ്ണയം | നൽകിയ തുക | അധികം |
|---|---|---|---|
| ഒലിയത്ത് അംഗൻവാടി കെട്ടിട നിർമ്മാണം (13/20)<br>കരാറുകാരൻ. ശ്രീ.മുഹമ്മദ് നൗഫൽ<br>കരാർ 108/27.12.2018<br>അളവ് പുസ്തകം 80/18-19, 81/18-19, 82/18-19<br>ബിൽ 66/19.9.2019 തുക 9311<br>ബിൽ 65/19.9.2019 തുക 500000<br>കോസ്റ്റ് ഇൻഡക്സ് 37.25% | 506667 | 509311 | 2644 |

ഓഡിറ്റ് എൻക്വയറി 14 /19-20/19.1.2022 ഓഡിറ്റ് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-13 ശിശു സൗഹൃദ അംഗൻ വാടി പദ്ധതി-അപാകതകൾ

2019-20 ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥയായി നടപ്പിലാക്കിയ ശിശു സൗഹൃദ അംഗൻ വാടികൾ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം.337/19-20) 12 അംഗൻ വാടികളിൽ ചുവർ ചിത്രം വരച്ചതിന് 200000 രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് ചെലവഴിച്ച് Simple Arts പന്നിപ്പാറ എന്ന സ്ഥാപനത്തിന് 859.79 Sq Meter ചുവർ ചിത്രം വരച്ചതിന് (Sq മീറ്ററിന് 282 രൂപ പ്രകാരം (200000 -ൽ പരിമിതപ്പെടുത്തി)നൽകിയിട്ടുണ്ട്. (ബിൽ നം.2/19-20/4.6.19). എന്നാൽ ചുവർ ചിത്രം അളവെടുത്ത് മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ നിയമാനുസൃത ഈടാക്കേണ്ട ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ ഈടാക്കാതെ സ്ഥാപനത്തിന് മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി നം.21/19.1.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-14 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 6,50,263 രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 6,50,263 രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നം | വൗച്ചർ നം/ബിൽ നം.തിയ്യതി | തുക | പദ്ധതി | റിമാർക്സ് |
|---|---|---|---|---|
| 1 | 109/01-10-2019 | 1,70,000 | PMAY പ്രൊജക്ടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ -എസ്.സി. (S0286/2020) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 11/05-10-2019 | 95,000 | PMAY പ്രൊജക്ടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - (S0285/2020) | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 3 | 21900577/ 22-11-2019<br>21900738/23.1.20 | 20,069<br>20,194 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. അസി.എഞ്ചിനീയര്,ഇല്ക്ട്രിക് സെക്ഷൻ, KSEB,ചെർപ്പുളശ്ശേരി (S0280/2020) | രശീതി, പൂർത്തീകരണ സാക്ഷ്യപത്രം |
| 4 | 21900758/30-01-2020<br>213/07-01-2020<br>212/07-01-2020 | 56371<br>143177<br>145452 | കടവത്ത് അംഗൻവാടി നിർമ്മാണം-MGNREGS സ്റ്റേറ്റ് മിഷന് അടവാക്കൽ ബിൽ നം.08/29-09-2019 (S0404/2020) | രശീതി, പൂർത്തീകരണ സാക്ഷ്യപത്രം |
| 5 | ആകെ | 6,50,263 | | |

## 1-15 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ

2019-20 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (SCP)എന്ന പദ്ധതിക്കായി (പ്രൊജക്ട് നം.338/19-20) കട്ടിൽ വിതരണം ചെയ്യതിനായി (3290+18% GST) താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് K.R Industries പരപ്പനങ്ങാടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം.യചെക്ക് നം./തിയ്യതി | തുക | ഫണ്ട് |
|---|---|---|---|
| 1 | ബിൽ നം.14/9.12.19 | 135870 | വികസനഫണ്ട്(SCP) |
| 2 | ചെക്ക് നം.4781320/19.8.2019 | 600000 | ബ്ളോക്ക് വിഹിതം |
| 3 | ബിൽ നം 3/19-20/4.6.19 | 388220 | വികസനഫണ്ട്(SCP) |
| | ആകെ | 1124090 | |

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ടെണ്ടർ വിളിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2. 2.5 ലക്ഷത്തിന് മുകളിൽ തുക നൽകുന്നതിന് 2% GST TDS ആയി ഈടാക്കേണ്ടതാണെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല.

3.വിതരണം ചെയ്തതിന്റെ കൈപ്പറ്റ് ലഭ്യമാക്കിയില്ല.

ടെണ്ടർ, ഗുണഭോക്തൃ ലിസ്റ്റ്, കൈപ്പറ്റ് എന്നിവ ഹാജരാക്കേണ്ടതും TDS ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.20/19.1.2022 നൽകിയതിന് ഗുണഭോക്തൃ ലിസ്റ്റ് ,ഏതാനും അപേക്ഷകൾ എന്നിവ മാത്രമാണ് ഹാജരാക്കിയത്.രേഖകൾ മുഴുവൻ ഹാജരാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 കിളിയത്തുംകുഴി പോരക്കോട് റോഡ് ടാറിങ് - മണ്ണ് നിറക്കൽ പ്രവൃത്തിക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിളിയത്തുംകുഴി പോരക്കോട് റോഡ് ടാറിങ് (52/20) എന്ന പ്രവൃത്തിയുടെ ഇനം 6 ആയി റോഡ് നിർമ്മാണത്തിനായി മണ്ണ് നിറച്ചതിന് 32.29$m^3$ ന് അംഗീകൃത ഒബസർവ്ഡ് ഡാറ്റ 50.2.26.1 പ്രകാരമുള്ള 427.19/m3നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് ട്രഞ്ച്, പ്ലിന്ത് എന്നിവിടങ്ങളിൽ മണ്ണ് നിറക്കുന്നതിന് നൽകുന്ന നിരക്കാണ്.

എന്നാൽ റോഡ് നിർമ്മാണത്തിനായി മണ്ണ് നിറക്കുന്നതിന് അംഗീകൃത ഒബസർവ്ഡ് ഡാറ്റ 50.2.25.1 പ്രകാരമുള്ള 273.47/$m^3$ നിരക്കാണ് നൽകാവുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കിളിയത്തുംകുഴി പോരക്കോട് റോഡ് ടാറിങ് (52/20)<br>കരാറുകാരൻ. ശ്രീ.മുഹമ്മദ് റഫീഖ്.ടി<br>കരാർ 121/24.1.2019<br>അളവ് പുസ്തകം 93/18-19<br>ബിൽ 16/19.6.2019 തുക 100000<br>ബിൽ 86/28.10.2019 തുക 149771<br>കോസ്റ്റ് ഇൻഡക്സ് 37.25% | 32.29$m^3$ | 13794 @427.19/$m^3$ | 8830 @273.47/$m^3$ | 4964 |

ഓഡിറ്റ് എൻക്വയറി 8 /19-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 4964 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-17 കുടിവെള്ള പദ്ധതി -GI പൈപ്പിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വലിയതൊടി എസ്.സി കോളനി കുടിവെള്ള പദ്ധതി (344/20) എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 1 ആയി പമ്പിങ് മെയിനിന് വേണ്ടി 134.95മീറ്റർ GI

പൈപ്പ് - 40mm - സ്ഥാപിച്ചതിന് DSR 18.10.5 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ചുമർ വെട്ടിപ്പൊളിച്ച് പൈപ്പ് ക്ലാമ്പ് ചെയ്ത് ഉറപ്പിച്ച് ചുമരുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിരക്കാണ് ഈ ഡാറ്റ പ്രകാരമുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഈ പ്രവൃത്തിയിൽ കോൺക്രീറ്റ് റോഡിൽ തറ നിരപ്പിന് മുകളിലാണ് GI പൈപ്പ് സ്ഥാപിച്ചിരിക്കുന്നത്. ഇത്തരം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച 51.18.12.5 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | വലിയതൊടിഎസ്.സി കോളനി കുടിവെള്ള പദ്ധതി (344/20)<br>ബിൽ 9/17.5.2019 തുക 199969<br>കരാർ 45/22.12.2017<br>അളവ് പുസ്തകം 59/18-19<br>കരാറുകാരൻ ശ്രീ രവിചന്ദ്രൻ. ആർ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 134.95m | 73004<br>@540.97/m | 45314<br>@335.78/m | 27690 |

ഓഡിറ്റ് എൻക്വയറി 15/2019-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-18 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്- ചെലവ് തുക 56,932 രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി ചെലവഴിച്ച താഴെ പറയുന്ന തുകകൾക്ക് ലഭ്യമായ കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് -

| ക്രമ നമ്പർ | ബിൽ/വൗച്ചർ നമ്പർ/ തിയ്യതി | തുക | ചെലവ് വിവരം |
|---|---|---|---|
| 1 | 21900719/ 09-01-2020 | 20,000 | ലൈഫ് മിഷൻ കുടുംബസംഗമം. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് |
| 2 | 21900720/ 09-01-2020 | 5,000 | ലൈഫ് മിഷൻ കുടുംബസംഗമം. മലപ്പുറം ജില്ലാ പഞ്ചായത്തിന് നൽകിയത് |
| 3 | 21900793/ 04-02-2020 | 18,000 | പഞ്ചായത്ത് ദിനാഘോഷത്തിൻെറ ചെലവിന് DDP,വയനാടിന് നൽകിയ തുക |
| 4 | 21900639/ 13-12-2019 | 13,932 | ടെക്നിക്കൽ കമ്മിറ്റി മെമ്പർ ശ്രീ.അലി കുന്നത്ത്-ൻെറ വേതനം |
| | ആകെ | 56,932 | |

ചെലവ് തുക 56,932 രൂപ തടസ്സം ചെയ്യുന്നു.

## 1-19 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ

286പദ്ധതികൾ തയ്യാറാക്കിയതിൽ 202 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. പദ്ധതികളുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു എങ്കിലും ആയത് ട്രഷറി ക്യൂവിൽ ആയതിനാൽ തൻവർഷം ചെലവ് വന്നിട്ടില്ല. 25 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 6പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 286 | ആകെ അടങ്കൽ | 37351445 |
| നടപ്പിലാക്കിയത് | 202 | ചെലവ് | 23364486 |
| ശതമാനം | 70.63% | ചെലവ് ശതമാനം | 62.55% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് ആസൂത്രണ നടപടിക്രമങ്ങളിൽ കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ

ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. ഗ്രാമ പഞ്ചായത്തിൽ നിന്ന് തനത് ഫണ്ടിനത്തിൽ ലഭിക്കുന്ന തുകകളുടെ ചെക്ക് നമ്പർ, തീയ്യതി തുടങ്ങിയ വിശദാംശങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

4. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ടെണ്ടർ നടപടികളിൽ സുതാര്യതയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഭൂരിഭാഗം പ്രവൃത്തികളിലും രണ്ടാൾ വീതമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ആകെ 194 പ്രവൃത്തികൾ ടെണ്ടർ ചെയ്തതിൽ ഒരു പ്രവൃത്തിക്ക് മാത്രമാണ് എസ്റ്റിമേറ്റ് നിരക്കിലും കുറഞ്ഞ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 193 പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കാണ് കരാറുകാർ ക്വാട്ട് ചെയ്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തുമ്പോൾ മറ്റൊരു പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുകയോ വളരെ കുറഞ്ഞ ടെണ്ടർ കുറവ് രേഖപ്പെടുത്തുകയോ ചെയ്യുന്ന . കരാറുകളിൽ യാതൊരു വിധ മൽസരവും നടക്കുന്നില്ല എന്ന് വ്യക്തമാണ്. ഇത് ഗ്രാമ പഞ്ചായത്തിന്റെ ടെണ്ടർ നടപടികൾ സുതാര്യമല്ല എന്ന് വ്യക്തമാക്കുന്നു. 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പതിനഞ്ചോളം കരാറുകാർ വിവിധ പ്രവൃത്തികൾക്കായി കരാർ സമർപ്പിച്ചിട്ടുണ്ട്. എന്നിട്ടും മിക്ക പ്രവൃത്തികൾക്കും രണ്ട് പേർ മാത്രമാണ് ടെണ്ടർ സമർപ്പിക്കുന്നത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയാവാനുള്ള സാധ്യതയാണ് ഇതിൽനിന്ന് വ്യക്തമാണ്. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് .

## 1-21 യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത ദിവസത്തിനകം കരാർ വെച്ചിട്ടില്ല. കരാറുകാരിൽ നിന്ന് 1% പിഴ ഈടാക്കാതെ കരാർ ഒപ്പ് വെച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം 1% പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ വെച്ച തീയ്യതി | പിഴ |
|---|---|---|---|
| ഉത ചേരി റോഡ് കോൺക്രീറ്റ് (104/20)<br>ബിൽ 4/13.3.2020തുക 150000<br>ബിൽ 49/20.5.2020 തുക 250000<br>കരാർ 53/25.10.2019<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് ബഷീർ.എ | 19.9.2019 | 25.10.2019 | 4000 |
| കളത്തുംപാടം റോഡ് കോൺക്രീറ്റ് (162/20)<br>ബിൽ 14/13.3.2020 തുക 150000<br>ബിൽ 157/13.1.2021 തുക 150000<br>കരാർ 36/18.10.2019 | 20.9.2019 | 18.10.2019 | 3000 |

| | | | |
|---|---|---|---|
| കോൺട്രാക്ടർ ശ്രീ അബ്ദുൽ റഹീം.എം.പി | | | |
| ചിരക്കാട്ട്കുന്ന് ഇയ്യമ്മട ഇടവഴി കോൺക്രീറ്റ് (216/20)<br>ബിൽ 17/24.1.2020തുക 50000<br>കരാർ 57/25.10.2019<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് ബഷീർ.കെ | 19.9.2019 | 25.10.2019 | 500 |
| കണക്കാംകുന്ന് റോഡ് കോൺക്രീറ്റ് (173/20)<br>ബിൽ 97/25.2.20 തുക 100000<br>ബിൽ 156/13.1.2021 തുക 100000<br>കരാർ 12/24.10.2019<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് നൗഫൽ. സി | 20.9.2019 | 24.10.2019 | 2000 |
| പുളിക്കപ്പള്ളിയാലിൽ റോഡ് കോൺക്രീറ്റ് (163/20)<br>ബിൽ 108/25.2.20 തുക 100000<br>ബിൽ 151/13.1.21 തുക 200000<br>കരാർ 35/18.10.2019<br>കോൺട്രാക്ടർ ശ്രീ അബ്ദുൽ റഹീം.എം.പി | 5.9.2019 | 18.10.2019 | 3000 |
| ലക്ഷ്മി സ്മാരക റോഡ് കോൺക്രീറ്റ് (220/20)<br>ബിൽ 156/13.3.20 തുക 100000<br>ബിൽ 46/21.5.20 തുക 100000<br>കരാർ 124/5.12.2019<br>കോൺട്രാക്ടർ ശ്രീ ഉസ്മാൻ.ടി | 15.11.2019 | 5.12.2019 | 2000 |
| വടക്കൻ സിറ്റി മാത്തിൽകുണ്ട് റോഡ് കോൺക്രീറ്റ് (81/20)<br>ബിൽ 166/13.3.20 തുക 100000<br>ബിൽ 196/18.3.21 തുക 50000<br>തനത് ഫണ്ട് തുക 150000<br>കരാർ 75/5.11.2019<br>കോൺട്രാക്ടർ ശ്രീ സൈനുദ്ധീൻ പി.ടി | 20.9.2019 | 5.11.2019 | 3000 |
| കോട്ടപ്പള്ളിയാൽ റോഡ് കോൺക്രീറ്റ് (112/20)<br>ബിൽ 171/13.3.20 തുക 100000<br>ബിൽ 93/26.8.20 തുക 100000<br>കരാർ 59/25.10.2019<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് ആബിദ് ഹുസൈൻ | 19.9.2019 | 25.10.2019 | 2000 |
| തച്ചംകോട് കോളനിയിൽ റോഡ് കോൺക്രീറ്റ് (93/20)<br>ബിൽ 125/1.2.20 തുക 150000<br>കരാർ 61/1.11.2019 | 20.9.2019 | 1.11.2019 | 1500 |

| | | | |
|---|---|---|---|
| കോൺട്രാക്ടർ ശ്രീ പ്രഭാകരൻ. എ | | | |
| ഹൈസ്കൂൾ റോഡ് കോൺക്രീറ്റ് (77/20)<br>ബിൽ 131/1.2.20 തുക 300000<br>കരാർ 70/5.11.2019<br>കോൺട്രാക്ടർ ശ്രീ മൊയ്തീൻ ടി.കെ | 20.9.2019 | 5.11.2019 | 3000 |
| പടിഞ്ഞാറെകുളമ്പ് മദ്രസ്സ വെങ്ങാടൻകോളനി റോഡ് കോൺക്രീറ്റ് (198/20)<br>ബിൽ 136/15.2.20 തുക 100000<br>ബിൽ 65/27.7.2019 തുക 50000<br>കരാർ 41/18.10.2019<br>കോൺട്രാക്ടർ ശ്രീ മൊയ്തു.കെ.ടി | 19.9.2019 | 18.10.2019 | 1500 |

ഓഡിറ്റ് എൻക്വയറി 9 /19-20/17.1.2022 നൽകിയതിന് മറുപടി നൽകിയിട്ടില്ല.

## 1-22 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ GST ഈടാക്കിയില്ല.

2019-20 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികകൾക്കായി തുക നൽകിയിട്ടുണ്ടെങ്കിലും തുക നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% GST ഈടാക്കിയതായി കാണുന്നില്ല.

1.അംഗൻവാടിപോഷകാഹാരം (പ്രൊജക്ട് നം.127/20 )

| ക്രമ നം | ബിൽ നം./ചെക്ക് നം.തിയ്യതി | തുക | തുക നൽകിയത് |
|---|---|---|---|
| 1 | 6/24.9.19 | 146491 | സഞ്ജീവനി ന്യട്രിമിക്സ് |
| 2 | 13/4.12.19 | 155880 | ,, |
| 3 | 15/23.1.20 | 173640 | ,, |
| 4 | 16/23.1.20 | 174936 | ,, |
| 5 | 18/23.1.20 | 215488 | ,, |
| 6 | 23/20.3.20 | 236689 | ,, |
| 7 | Cheque No. 1837226/31.3.20 | 215488 | ,, |
| | ആകെ | 1318612 | |

2.വയോജനങ്ങൾക്ക് കട്ടിൽ വിതരണം (SCP) (പ്രൊജക്ട് നം.338/19-20)

| ക്രമ നം | ബിൽ നം.ചെക്ക് നം./തിയ്യതി | തുക | ഫണ്ട് | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | ബിൽ നം.14/9.12.19 | 135870 | വികസനഫണ്ട്(SCP) | K.R Industries പരപ്പനങ്ങാടി |
| 2 | ചെക്ക് നം.4781320/19.8.2019 | 600000 | ബ്ളോക്ക് വിഹിതം | ,, |
| 3 | ബിൽ നം 3/19-20/4.6.19 | 388220 | വികസനഫണ്ട്(SCP) | ,, |
| | ആകെ | 1124090 | | |

കേന്ദ്ര സർക്കാറിന്റെ 50/2018 തി. 13.9.2018 നോട്ടിഫിക്കേഷൻ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകളിൽ നിന്ന് 2 ശതമാനം നിരക്കിൽ ജി.എസ്.ടി. TDS കുറവ് ചെയ്യേണ്ടതുണ്ട്. ഇത് ബില്ല് പിൻവലിക്കുന്ന ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്എന്നും വ്യക്തമാക്കിയിട്ടുണ്ട്.സർക്കാർ നിർദ്ദേശം പാലിച്ച് GST രജിസ്ട്രേഷൻ എടുക്കുകയും 2.5 ലക്ഷത്തിന് മുകളിലുള്ളബില്ലുകളിൽ നിന്ന് 2 ശതമാനം നിരക്കിൽ TDS ഈടാക്കുകയും ചെയ്യേണ്ടതാണ്. (TDS ഈടാക്കാത്ത് സംബന്ധിച്ച്ഓഡിറ്റ് എൻക്വയറി നം.22/21.1.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.)

## 1-23 കറവ പശു വിതരണം - പദ്ധതി അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് "S004/20 കറവ പശു വിതരണം" 20 SC ഗുണഭോക്താക്കൾക്ക് കറവ പശു വിതരണം ചെയ്യുന്നതിനുള്ളതാണ്. പ്ലാൻ വിഹിതം 7 ലക്ഷവും, ഗുണഭോക്തൃ വിഹിതം 3 ലക്ഷവും ഉൾപ്പെടെ 10 ലക്ഷം രൂപയാണ് പദ്ധതി അടങ്കൽ. 22.01.2018 ലെ 1(1) തീരുമാന പ്രകാരം 35,000/- രൂപ സബ്സിഡിയും, 15,000/- രൂപ ഗുണഭോക്തൃ വിഹിതവും പശുവിനെ വിറ്റയാളുടെ അക്കൗണ്ടിലേക്ക് നൽകുവാനും അനുമതി നൽകിയിട്ടുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പ്ലാൻ വിഹിതം 7 ലക്ഷം രൂപ [4,20,000/- (2019-20 വർഷം) + 2,80,000 (2020-21 വർഷം) ] സബ്സിഡി കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം 2,70,000 രൂപ (18 പേർക്ക്) മാത്രമേ കൈമാറിയതായി കാണുന്നുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/2019-20 തിയ്യതി 18.01.2022 ക്ക് ഗുണഭോക്താവ് നേരിട്ട് പശുവിനെ വാങ്ങുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും, ടി പദ്ധതി സ്പിൽ ഓവർ ആകുകയും രണ്ട് ഗുണഭോക്താക്കൾ 2020-21 വർഷത്തിൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും, പ്രസ്തുത ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം സാംഖ്യ വഴി അഡ്ജസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. ബാക്കി 30,000/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 ചട്ടപ്രകാരം പാർക്കിങ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിൽ പെർമിറ്റ്,നമ്പർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമാണ പെർമിറ്റ്, നമ്പറിങ് അപേക്ഷകൾ പരിശോധിച്ചതിൽ ചട്ടപ്രകാരമുള്ള പാർക്കിങ് സൗകര്യം ഒരുക്കാത്ത താഴെ പറയുന്ന അപേക്ഷകളിൽ പെർമിറ്റ്, നമ്പർ അനുവദിച്ചിട്ടുണ്ട്.

1. ശ്രീ. മൊയ്തുപ്പ, വണ്ടുതൊടിയിൽ ഹൗസ് എന്നവർ കൊമേഴ്സ്യൽ-കം-റെസിഡൻഷ്യൽ ആവശ്യാർത്ഥമുള്ള കെട്ടിട നിർമാണത്തിന് പെർമിറ്റ് അനുവദിക്കുന്നതിനായി 13.1.2020ന് A4-230/2020നമ്പർ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 395.72 $M^2$ നിർമിതവിസ്തൃതിയിൽ A1-RESIDENTIAL ഒക്യുപൻസിയിലും 130.81 $M^2$ നിർമിതവിസ്തൃതിയിൽ COMMERCIAL ഒക്യുപൻസിയിലുമായി ആകെ 526.53$m^2$വിസ്തൃതിയിൽ കെട്ടിട നിർമാണത്തിന് അനുമതിക്കായാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിങ് പ്ലാൻ പ്രകാരം കെട്ടിടം നിർമിക്കാനുദ്ദേശിക്കുന്ന പ്ലോട്ടിൽ ( ആനമങ്ങാട് വില്ലേജ്, റീ-സർവ്വേ ബ്ലോക്ക്-8, റീ-സർവ്വേ നമ്പർ-34/8-3,4/8-2) നിന്ന് മാറി റോഡിന് എതിർവശത്തുള്ള മറ്റൊരു പ്ലോട്ടിലാണ് ( ആനമങ്ങാട് വില്ലേജ്, റീ-സർവ്വേ ബ്ലോക്ക്-8, റീ-സർവ്വേ നമ്പർ-34/2-5) പാർക്കിങ് സൗകര്യം ഒരുക്കിയിരിക്കുന്നത്.

   കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019, ചട്ടം-29 പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ തന്നെ പാർക്കിങ് സൗകര്യം ഒരുക്കേണ്ടതാണ്. അപേക്ഷയിൻമേൽ മേൽ വ്യവസ്ഥ പാലിക്കാതെ 25.1.2020ന് A4-230/2020 നമ്പർ പെർമിറ്റ് പ്രകാരം 526.53 ചതുരശ്രമീറ്റർ വിസ്തൃതിയിൽ കെട്ടിട നിർമാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ചട്ടപ്രകാരമല്ലാതെ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-4/2019-2020) അബദ്ധവശാൽ സംഭവിച്ചുപോയതാണെന്നും ഇക്കാര്യം സെക്രട്ടറിയെ അറിയിക്കുകയും പെർമിറ്റ് റദ്ദ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. ഗ്രാമപഞ്ചായത്തിലെ ശ്രീ. വിനോദ്, കൈമല ഹൗസ് എന്നവർ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി 9.4.2019ന് A4-2374/19 നമ്പർ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

   1. 13.3.2018ന് നൽകിയ A4-BA(90766)/2018 നമ്പർ പെർമിറ്റ് പ്രകാരം 741.27 $M^2$ വിസ്തൃതിയിൽ കൊമേഴ്ഷ്യൽ കെട്ടിട നിർമാണത്തിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ നമ്പറിങ് അപേക്ഷ പ്രകാരം COMMERCIAL, RESIDENTIAL ഒക്യുപൻസിയിലാണ് നിർമാണം പൂർത്തീകരിച്ചിരിക്കുന്നത്.

   2. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011, ചട്ടം പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയാണ് പാർക്കിംഗ് സ്ഥലം വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഡ്രൈവിങ്ങിനുള്ള സ്ഥലവും വാഹനങ്ങൾ തിരിക്കുവാനുള്ള സ്ഥലവും ചട്ടപ്രകാരം ഉണ്ടായിരിക്കേണ്ടതാണ്. പാർക്ക് ചെയ്ത ഒരു വാഹനം മാറ്റാതെ തന്നെ പാർക്കിംഗ് സ്ഥലത്ത് ഒരുക്കിയിട്ടുള്ള വാഹനങ്ങൾക്ക് ഡ്രൈവിങ്ങിനുള്ള സ്ഥലവും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിങ് പ്ലാൻ പ്രകാരം 3 വാഹനങ്ങൾക്ക് പാർക്ക് ചെയ്ത വാഹനം മാറ്റാതെ

ഡ്രൈവിങ്ങിനുള്ള സ്ഥലവും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഒരുക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-5/2019-20) മറുപടി ലഭ്യമായിക്കിയിട്ടില്ല.

കെട്ടിട നിർമാണ പെർമിറ്റ്, കെട്ടിട നമ്പർ എന്നിവ അനുവദിക്കുമ്പോൾ കെട്ടിട നിർമാണ ചട്ടങ്ങൾ പൂർണമായും പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 റോഡ് റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത

2019-2020 സാമ്പത്തികവർഷത്തിൽ ഭാരതി എയർടെൽ ലിമിറ്റഡ്,കടവന്ത്ര എന്നവർ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ടിപ്പു സുൽത്താൻ റോഡിൽ 300m ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ് ചെയ്യുന്നതിന് 5.12.2019ൽ A1-6346/2019നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പരിശോധിച്ച് 300m നീളത്തിൽ Berm Cutting നടത്തുന്നതിന് റെസ്റ്റോറേഷൻ ചാർജ് ആയി 50000 രൂപയാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്.

റോഡുകളുടെ റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കുമ്പോൾ വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന് PWD ചീഫ് എഞ്ചിനീയർ (റോഡ്സ്) 30.3.2019 ലെ NO:CE/R&B/GL-RC/2/2019 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം Berm Cutting നടത്തുന്നതിന് ചതുരശ്ര മീറ്ററിന് 359.85രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. മേൽ അപേക്ഷയിൽ 300.മീറ്റർ നീളത്തിലും 0.50 മീറ്റർ വീതിയിലും റോഡ് കട്ട് ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളത്. റോഡ് കട്ട് ചെയ്യുന്നതിനുള്ള ഫീസ് കണക്കാക്കുന്നതിന് എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (എസ്റ്റിമേറ്റ് തിയ്യതി 09.01.2020), വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന നിബന്ധന പാലിക്കാതെ യഥാർത്ഥത്തിൽ കട്ട് ചെയ്ത 0.5m വീതിയാണ് വിസ്തീർണം കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. കൂടാതെ ചതുരശ്ര മീറ്ററിന് 329.87രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|
| 50000/-<br>[300m * 0.5m * 329.87] | 80966/-<br>[300m * 0.5m * 1.5 * 359.85] | 30966/-<br>[80966 –50000] |

മേൽ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-6/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-തുക ക്രമീകരിക്കേണ്ടതാണ്.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് "S348/20 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പ്ലാൻ" വിഹിതം 3,87,780 രൂപയും, ഗുണഭോക്തൃ വിഹിതം 12,220 രൂപയും, ബ്ലോക്ക് വിഹിതം 3 ലക്ഷവും ഉൾപ്പെടെ 7 ലക്ഷം രൂപയാണ് പദ്ധതി അടങ്കൽ. ബ്ലോക്ക് വിഹിതമായ 3 ലക്ഷം രൂപ TSB അകൌണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു പകരം 1837904/ 31.03.2020 ചെക്ക് നം. മുഖേന തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ക്രമീകരിക്കേണ്ടതാണ്.

## 1-27 തൊഴിൽ നികുതി-രജിസ്റ്ററുകളുടേയും അർദ്ധ വാർഷിക റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ

ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒന്നാം അർദ്ധവർഷത്തിൽ ജീവനക്കാരുടെയും വ്യാപാരസ്ഥാപനങ്ങളുടേതുമുൾപ്പെടെ ആകെ 68 അർദ്ധ വാർഷികറിട്ടേണുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷത്തിൽ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, റിട്ടേണുകൾ മുഴുവനായും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മുഴുവൻ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 18 പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ

സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ 2019-20 വർഷത്തിൽ തൊഴിൽനികുതിയ്ക്ക് ഡിമാന്റ് രജിസ്റ്റർ, കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാരസ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യേകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

3. 2019-20 ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 286 വ്യാപാരസ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് മുഴുവനായും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായ തൊഴിൽനികുതിയും ടേൺ ഓവറനുസരിച്ചുള്ള സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം. 2/2019-20 Dtd 15.01.2022 ന് മറുപടി ലഭ്യമായില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-28 എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് നൽകൽ പദ്ധതി- GST ഇനത്തിൽ 2%TDS കറവ് ചെയ്തില്ല

പ്രൊജക്ട് – എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ

നമ്പർ – S0391/2020

അടങ്കൽ – 6,57,000 (4,90,820 - എസ്.സി.പി 1,930 - തനത് 1,64,250 – ഗുണ.വിഹിതം)

ബിൽ നം. 10/13-03-2020 : 63,337

ബിൽ നം. 11/22-02-2020 : 46,447

ബിൽ നം. 12/22-02-2020 : 63,337

ബിൽ നം. 13/22-02-2020 : 46,447

ബിൽ നം. 16/22-02-2020 : 46,447

ബിൽ നം. 18/18-03-2020 : 23,223

വൗച്ചർ നം. 21901116/24-03-2020 : 1,54,125

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകിയതിൻെറ വിലയായി 4,43,363 രൂപ വിക്ടോറിയ പോളിഫോം, തൃശ്ശൂർ ന് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാറിന്റെ 50/2018 Dtd 13.09.2018 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 ഒരു സാമ്പത്തിക വർഷം, ഒരു കരാറിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ ട്രാൻസക്ഷനുകളുടേയും മൊത്തം ബിൽ തുക നികുതി കൂടാതെ 2,50,000 ന് മുകളിലാണെങ്കിൽ രണ്ട് ശതമാനം നിരക്കിൽ TDS കറവ് ചെയ്യേണ്ടതുണ്ട്. ഇത് ബിൽ ഡ്രോ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ബാധ്യതയാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ GST ഇനത്തിൽ 2% TDS കറവ് ചെയ്യാതെയാണ് തുകകൾ നൽകിയിട്ടുള്ളത്. ഈ അപാകത പരാമർശിച്ച് നൽകിയ 25/21-01-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 500 ലിറ്റർ കപ്പാസിറ്റിയുള്ള 11 മുദ്രയുള്ള ഡബിൾ ലയർ Pvc വാട്ടർ ടാങ്ക് ഒന്നിന്റെ വിലയായി 3000 രൂപക്ക് സപ്ലൈ ചെയ്യാം എന്ന് മാത്രമാണ് എഗ്രിമെന്റ്. 2,50,000 മുകളിലുള്ള തുകക്ക് സപ്ലൈ ചെയ്യണം എന്ന് പറഞ്ഞിട്ടില്ല. ഒരു ഘട്ടത്തിലും 2,50,000 രൂപക്ക് മുകളിലുള്ള സപ്ലൈ നടത്തിയിട്ടുമില്ല. ഗുണഭോക്തൃവിഹിതം കൂടി ആവശ്യമുള്ള പദ്ധതിയായതിനാൽ എത്ര എണ്ണം ടാങ്കുകൾ വേണമെന്ന് മുൻകൂട്ടി ഉറപ്പ് പറയാനും പറ്റില്ല. ഗുണഭോക്തൃ വിഹിതം അടവാക്കുന്നവരുടെ എണ്ണത്തിനനുസരിച്ച് മാത്രമേ പർച്ചേസ് സാധ്യമാകുമായിരുന്നുള്ളൂ. ഇത്തരം കേസുകളിൽ 2ശതമാനം TDS പിടിക്കേണ്ടതില്ല എന്ന് ഇത് സംബന്ധിച്ച് 2018 മലപ്പുറം കലക്ടറേറ്റിൽ വെച്ച് നടന്ന ജി.എസ്.ടി. ട്രെയിനിംഗിൽ പ്രത്യേകം നിർദ്ദേശം ലഭിച്ചതുമാണ്. മേൽസാഹചര്യത്തിലാണ് 2 ശതമാനം GST പിടിക്കാതിരുന്നത്. കൃത്യമായ കണക്ക് കാണിക്കുമ്പോൾ (ഇ.ഫയലിംഗ്) സപ്ലയർക്ക് തന്നെ തിരിച്ച് നൽകാനുള്ള തുകയാണ് ഇപ്രകാരം പിടിക്കുന്ന 2 ശതമാനം GST എന്നതിനാൽ സർക്കാരിന് ഒരു തരത്തിലുള്ള നഷ്ടവും സംഭവിച്ചിട്ടില്ല. എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

സർക്കാർ ഉത്തരവുകൾ വ്യക്തമായി മനസ്സിലാക്കാതെയുള്ള മറുപടി അംഗീകരിക്കുന്നില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്കുകളുടെ പരിപാലനം പദ്ധതി- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് - തെരുവ് വിളക്കുകളുടെ പരിപാലനം

നമ്പർ - S0346/2020

അടങ്കൽ - 12,00,000 (6,00,000-ധനകാര്യ കമ്മീഷൻ അവാർഡ്,

6,00,000-തനത് ഫണ്ട്)

ബിൽ നം.08/29-09-2019 : 1,33,840

ബിൽ നം.15/08-11-2019 : 1,33,840

2019-20ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയറിനായുള്ള മേൽ പ്രൊജക്റ്റ് പ്രകാരം ശ്രീ. സൈതലവി.എ, ആലുങ്ങൽ ഹൗസ്,അമ്മിനിക്കാട് എന്ന കോൺട്രാക്ടർക്ക് തുകകൾ നൽകിയിട്ടുണ്ട്. 40W ഫ്ലൂരസൻറ് ട്യൂബിന് 480 രൂപ, 11W CFL ന് 280 രൂപ, LED ബൾബിന് 280 രൂപ, LED സ്ട്രീറ്റ് ലൈറ്റിന് 900 രൂപ എന്നിങ്ങനേയാണ് അംഗീകരിച്ച ടെണ്ടർ നിരക്ക്. പ്രൊജക്റ്റ് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്ന -

1. പ്രവൃത്തി നടത്തുന്നതിന് KSEBയിൽ നിന്നും അനുവാദം ലഭ്യമാക്കിയിട്ടില്ല.

2. കരാറുകാരന് തുക അനുവദിച്ചപ്പോൾ TDS ആയി GST, KCWWF എന്നിവ കുറവു ചെയ്തിട്ടില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള പരാതി റജിസ്റ്റർ ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓരോ ഇനം വിളക്കുകൾക്കും വ്യത്യസ്ത നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള നാല് ഗഡുക്കളായി നൽകാവുന്ന വിധം കൃത്യമായ ഇടവേളകളിൽ തുല്യ എണ്ണം വിളക്കുകൾ തന്നെ റിപ്പയർ ചെയ്തത് യുക്തിസഹമല്ല. ഇപ്രകാരം പ്രവൃത്തി നടത്തിയത് സംബന്ധിച്ച് KSEBയിൽ നിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

4. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ജനസൗഹൃദ പഞ്ചായത്ത് - അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 208,252 രൂപ തടസ്സം ചെയ്യുന്നു

പ്രൊജക്റ്റ് – ജനസൗഹൃദ പഞ്ചായത്ത്

നമ്പർ – S0398/2020

അടങ്കൽ – 3,00,000 (തനത് ഫണ്ട്)

വൗച്ചർ നം. 21901214/31-03-2020 : 1,49,614

വൗച്ചർ നം. 21901215/31-03-2020 : 1,40,634

1. SIDCO,മഞ്ചേരി ഇൻവോയ്സ് നം. MJRI/19-20/78/28-09-2019 : 65,088

2. SIDCO, വെസ്റ്റ്ഹിൽ,കോഴിക്കോട് ഇൻവോയ്സ് നം. KKD/19-20/180/11-02-2020 : 1,49,614

3. SIDCO, വെസ്റ്റ്ഹിൽ,കോഴിക്കോട് ഇൻവോയ്സ് നം. KKD/19-20/306/23-03-2020 : 58,638

സെക്രട്ടറി നിർവ്വഹണം നടത്തിയ ജനസൗഹൃദ പഞ്ചായത്ത് എന്ന പ്രൊജക്ടിനായി മേൽ ഇൻവോയ്സുകൾ പ്രകാരം SIDCO കോഴിക്കോട്, മഞ്ചേരി ബ്രാഞ്ചുകളിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വിവിധ സാധനങ്ങളുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

1. SIDCO കോഴിക്കോട് ബ്രാഞ്ചിൽ നിന്നും വാങ്ങിയ താഴെപ്പറയുന്ന ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്-

| ക്ര. നം. | ഇനം | എണ്ണം | നിരക്ക് | തുക | GST % |
|---|---|---|---|---|---|
| ഇൻവോയ്സ് നം. KKD/19-20 /306/23-03-2020: 58,638 | | | | | |
| 1 | Hardwood Dias Table With Two Side Covered, Opern Tray And Footrest (180X60X75 Cm) | 2 | 14,000 | 28,000 | 18 |
| 2 | Hardwood Dias Table With | 1 | 13,000 | 13,000 | 18 |

| | | | | | |
|---|---|---|---|---|---|
| | Front Side Covered, Open Tray And Footrest (180X60X75 Cm) | | | | |
| 3 | Hardwood Lecture Stand (120X60X40 Cm) | 1 | 8276 | 8276 | 18 |
| ഇൻവോയ്സ് നം. KKD/19-20 /180/11-02-2020 : 1,49,614 | | | | | |
| 4 | Stainless Steel Letters (7021 Sq.inch) | 1 | 1,23,289 | 1,23,289 | 18 |
| 5 | Back Ground Painting | 1 | 2437 | 2437 | 18 |

2. ഐ.എസ്.ഒ. പരിശോധനയുടെ ഭാഗമായി നെയിം ബോർഡുകൾ സ്ഥാപിക്കൽ, റിക്കാർഡ് റൂമിൽ റാക്കുകൾ സ്ഥാപിക്കൽ, കസേരകൾ, കമ്മ്യൂണിറ്റി ഹാളിലേക്ക് പ്രസംഗപീഠം, ഡയസ് ടേബിൾ, സ്റ്റീൽ കുഷ്യൻ കസേര, കർട്ടൻ എന്നിവ വാങ്ങുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളത്. എന്നാൽ, ഗ്രാമ പഞ്ചായത്തിൻെറ 29-11-2019ലെ 1(12)-ാം നമ്പർ തീരുമാന പ്രകാരം പ്രൊജക്ടിൽ ഇല്ലാതിരുന്ന കമ്മ്യൂണിറ്റി ഹാളിന് മുകളിൽ സ്റ്റൈൻലെസ് സ്റ്റീലിൽ നിർമ്മിച്ച ബോർഡും, ഗ്രാമ പഞ്ചാത്ത് ബസ് സ്റ്റോപ്പിൽ ആലിപ്പറമ്പ് ഗ്രാമ പഞ്ചാത്ത് എന്ന് എഴുതിയ മറ്റൊരു ബോർഡും സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്ക് കൂടി തുക തികയാതെവന്നതിനാൽ പ്രൊജക്ട് പ്രകാരമുള്ള 22 സ്റ്റീൽ കുഷ്യൻ കസേര, കർട്ടൻ, ഐ.എസ്.ഒ. പരിശോധനയുടെ ഭാഗമായി നെയിം ബോർഡുകൾ സ്ഥാപിക്കൽ എന്നിവ ഒഴിവാക്കി. നടപടി ക്രമങ്ങൾ പാലിക്കാതെ പദ്ധതിയിൽ മാറ്റം വരുത്തിയതിൻെറ കാരണം അറിയിക്കേണ്ടതാണ്.

3. കമ്മ്യൂണിറ്റി ഹാളിന് മുകളിൽ സ്റ്റൈൻലെസ് സ്റ്റീലിൽ നിർമ്മിച്ച ബോർഡിന് 1,23,289 +18% GST നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 208,252 രൂപ തടസ്സം ചെയ്യുന്നു.

## 1-31 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

21901197/31-03-2020 നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും സ്ഥലം മാറി വന്ന ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് തുക താഴേക്കോട്, കലശേഖരപുരം എന്നീ ഗ്രാമപഞ്ചായത്തുകളിലേക്ക് യഥാക്രമം 9000 രൂപ, 3000 രൂപ എന്നിങ്ങനെ അയച്ച് കൊടുത്തിട്ടുണ്ട്.

ആയതിൽ സീനി.ക്ലർക്ക് ശ്രീ.ബിജോയ് ബോസിൻെറ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 6,000 രൂപ താഴേക്കോട് ഗ്രാമപഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 01-02-2020ന് ടിയാന് നൽകിയ ശമ്പളത്തിൽ നിന്ന് മാത്രമാണ് 3000രൂപ ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 3000രൂപ കൂടി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 റോഡ് റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത

2019-2020 സാമ്പത്തികവർഷത്തിൽ ഭാരതി എയർടെൽ ലിമിറ്റഡ്,കടവന്ത്ര എന്നവർ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ടിപ്പു സുൽത്താൻ റോഡിൽ 300m ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ് ചെയ്യുന്നതിന് 5.12.2019ൽ A1-6346/2019നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പരിശോധിച്ച് 300m നീളത്തിൽ Berm Cutting നടത്തുന്നതിന് റെസ്റ്റോറേഷൻ ചാർജ് ആയി 50000 രൂപയാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്.

റോഡുകളുടെ റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കുമ്പോൾ വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന് PWD ചീഫ് എഞ്ചിനീയർ (റോഡ്സ്) 30.3.2019 ലെ NO:CE/R&B/GL-RC/2/2019 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം Berm Cutting നടത്തുന്നതിന് ചതുരശ്ര മീറ്ററിന് 359.85രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. മേൽ അപേക്ഷയിൽ 300.മീറ്റർ നീളത്തിലും 0.50 മീറ്റർ വീതിയിലും റോഡ് കട്ട് ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളത്. റോഡ് കട്ട് ചെയ്യുന്നതിനുള്ള ഫീസ്

കണക്കാക്കുന്നതിന് എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (എസ്റ്റിമേറ്റ് തിയ്യതി 09.01.2020), വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന നിബന്ധന പാലിക്കാതെ യഥാർത്ഥത്തിൽ കട്ട് ചെയ്ത 0.5m വീതിയാണ് വിസ്തീർണം കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. കൂടാതെ ചതുരശ്ര മീറ്ററിന് 329.87രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|
| 50000/-<br>[300m * 0.5m * 329.87] | 80966/-<br>[300m * 0.5m * 1.5 * 359.85] | 30966/-<br>[80966 —50000] |

മേൽ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-6/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള പദ്ധതി -GI പൈപ്പിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വലിയതൊടി എസ്.സി കോളനി കുടിവെള്ള പദ്ധതി (344/20) എന്ന പ്രവൃത്തിയുടെ എക്സട്ര ഇനം 1 ആയി പമ്പിങ് മെയിൻ വേണ്ടി 134.95മീറ്റർ GI പൈപ്പ് - 40mm - സ്ഥാപിച്ചതിന് DSR 18.10. 5 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ചുമ ർ വെട്ടിപ്പൊളിച്ച് പൈപ്പ് ക്ലാമ്പ് ചെയ്ത് ഉറപ്പിച്ച് ചുമരുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിരക്കാണ് ഈ ഡാറ്റ പ്രകാരമുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഈ പ്രവൃത്തിയിൽ കോൺക്രീറ്റ് റോഡിൽ തറ നിരപ്പിന് മുകളിലാണ് GI പൈപ്പ് സ്ഥാപിച്ചിരിക്ക ന്നത്. ഇത്തരം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച 51.18.12. 5 പ്രകാരമുള്ള നിരക്കാണ് നൽകേ ണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | വലിയതൊടിഎസ്.സി കോളനി കുടിവെള്ള പദ്ധതി (344/20)<br>ബിൽ 9/17.5.2019 തുക 199969<br>കരാർ 45/22.12.2017<br>അളവ് പുസ്തകം 59/18-19<br>കോൺട്രാക്ടർ ശ്രീ രവിചന്ദ്രൻ. ആർ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 134.95m | 73004<br>@540.97/m | 45314<br>@335.78/m | 27690 |

ഓഡിറ്റ് എൻക്വയറി 15/2019-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 3-2 മണ്ണ് നിറക്കൽ - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിളിയത്തുംകുഴി പോരക്കോട് റോഡ് ടാറിങ് (52/20) എന്ന പ്രവൃത്തിയുടെ ഇനം 6 ആയി റോഡ് നിർമ്മാണത്തിനായി 32.29$m^3$ മണ്ണ് നിറച്ചതിന് അംഗീകൃത ഒബസർവ്ഡ് ഡാറ്റ 50.2.26.1 പ്രകാരമുള്ള 427.19/m3 നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് ട്രഞ്ച്, പ്ലിന്ത് എന്നിവിടങ്ങളിൽ മണ്ണ് നിറക്കുന്നതിന് നൽകുന്ന നിരക്കാണ്.

എന്നാൽ റോഡ് നിർമ്മാണത്തിനായി മണ്ണ് നിറക്കുന്നതിന് അംഗീകൃത ഒബസർവ്ഡ് ഡാറ്റ 50.2.25.1 പ്രകാരമുള്ള 273.47/$m^3$ നിരക്കാണ് നൽകാവുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|---|

| | | തുക | തുക | |
|---|---|---|---|---|
| കിളിയത്തുംകുഴി പോരക്കോട് റോഡ് ടാറിങ് (52/20)<br>കരാറുകാരൻ. ശ്രീ.മുഹമ്മദ് റഫീഖ്.ടി<br>കരാർ 121/24.1.2019<br>അളവ് പുസ്തകം 93/18-19<br>ബിൽ 16/19.6.2019 തുക 100000<br>ബിൽ 86/28.10.2019 തുക 149771<br>കോസ്റ്റ് ഇൻഡക്സ് 37.25% | 32.29$m^3$ | 13794<br>@427.19/$m^3$ | 8830<br>@273.47/$m^3$ | 4964 |

ഓഡിറ്റ് എൻക്വയറി 8 /19-20/18.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 4964 രൂപ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12.01.2022മുതൽ 24.01.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | കറവ പശു വിതരണം(വനിത)(03/20) | 400000 | 0 |
| | 784927 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (135/20) | 784927 | 0 |
| | 600000 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങല്(338/20) | 600000 | 0 |
| | 300000 | കർഷകർക്ക് പാലിന് സബ്സിഡി (177/20) | 300000 | 0 |
| | 500000 | കളിസ്ഥലങ്ങൾക്ക് ഭൂമി വാങ്ങൽ (282/20) | 500000 | 0 |
| ജില്ല പഞ്ചായത്ത് | 279798 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (135/20) | 279798 | 0 |
| | 50000 | ലൈഫ് ഒന്നാം ഘട്ടം(374/20) | 50000 | 0 |
| | 500000 | ഋത അംഗനവാടി | 500000 | 0 |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം (350/20) | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റി വെക്കൽ 280/19 | 21900577/22.11.19 | 20069 | 20069 | 0 |
| KSEB | പോസ്റ്റ് മാറ്റി വെക്കൽ 280/19 | 21900738/23.01.2020 | 20194 | 20194 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KUDFC | G.O.MS. 772/2017/LSGD | 3535673 | 7584327 | 316176 | ........ | 10803824 |
| സഹകരണ ബാങ്ക് വായ്പ | ........ | 0 | 434323 | 0 | 0 | 434323 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 408/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-7 | 408 | ശ്രീ. പി. ഹരീന്ദ്രനാഥ്, സെക്രട്ടറി | 119080104465/18.11.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2000-2001 | 4-3 | 2004-05 | തുക മുൻകൂർ ക്രമീകരിച്ചില്ല. | നടപടികൾ തുടരുന്നു |
| 2014-15 | 2(2) | 2016-17 | അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(3) | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(4) | 2016-17 | അർദ്ധ വർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(5) | 2016-17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2008-09 | 2-1 | സി പി സതീശൻ, സെക്രട്ടറി | LF11856/Sp.cell/SCD1/12 24-9-14 | 7680 | അടവാക്കിയിട്ടില്ല. |
| 2 | 2006-07 | 3-15 | കെ വേലായുധൻ, സെക്രട്ടറി | LF251/sp.cell/SCD1/13 10-10-14 | 15972 | അടവാക്കിയിട്ടില്ല. |
| 3 | 2006-07 | 3-9 Part 3-17 | പി വി പത്മനാഭൻ സെക്രട്ടറി | LF/10405/sp.cell/SCD1/12 26-9-14 | 186749 | അടവാക്കിയിട്ടില്ല. |
| 4 | 2008-09 | 3-1(എ) | സി പി സതീശൻ,സെക്രട്ടറി | LF11656/sp.cell/SCD1/12 24-10-14 | 63600 | അടവാക്കിയിട്ടില്ല. |
| 5 | 2000-01 | 43 | പി വിനോദ്കുമാർ, സെക്രട്ടറി | LF17404/sp.cell/SC 5/05 18-9-18 | 7904 | അടവാക്കിയിട്ടില്ല. |
| 6 | 2009-10 | 3-1 3-3 3-8 | വിക്രമൻ നമ്പൂതിരി സെക്രട്ടറി | LF16131/sp.cell/SC/D1/13 14-7-15 | 103025 | അടവാക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75625596 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68257512 |
| വരവിനങ്ങളിലുള്ള നഷ്ടം | 30966 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | 32654 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2239537 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 13845 | ശ്രീമതി. ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 13845 | ശ്രീ. ഉമ്മർ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 2482 | ശ്രീമതി. ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 2482 | ശ്രീ. ഉമ്മർ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2-1 | 30966 | | ശ്രീമതി. ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 30966 | 32654 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 200000 | ശ്രീമതി. വിനോദിനി , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-14 | 650263 | ശ്രീമതി. ലത എ,സെക്രട്ടറി |
| 1-15 | 1124090 | ശ്രീമതി. വിനോദിനി , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-18 | 56932 | ശ്രീമതി. ലത എ,സെക്രട്ടറി |
| 1-30 | 208252 | ശ്രീമതി. ലത എ,സെക്രട്ടറി |
| ആകെ | 2239537 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ചേറംമ്പാടത്ത്, ഭീമനാട് പി ഒ, അലനല്ലൂർ,പാലക്കാട് |
| ശ്രീ. ഉമ്മർ കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | കാരയിൽ വീട്, നെല്ലിക്കാപറമ്പ്,മുക്കം, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | വിവരം | | |
| 2000-01 | KSA.MPM 24/1982/18 Dtd 04.10.2019 | 7 | |
| 2002-03 | KSA.MPM 24/1982/18 Dtd 04.10.2019 | 6 | |
| 2003-04 | KSA.MPM 24/1982/18 Dtd 04.10.2019 | 7 | |
| 2004-05 | LFM-10/1381/07 Dtd 04.2.11 | 23 | |
| 2005-06 | LFM-11/1516/11 Dtd 21.03.12 | 8 | |
| 2006-07 | LFM-10/1517/11 Dtd 21.3.12 | 16 | |
| 2007-08 | LFM-10/1518/11 Dtd 21.03.12 | 15 | |
| 2008-09 | LFM-10/1590/11 Dtd 21.03.12 | 14 | |
| 2009-11 | LFM-11/363/13 Dtd 26.03.13 | 30 | |
| 2011-13 | LFM-11/385/15 Dtd 21.04.15 | 32 | |
| 2013-15 | KSA.MPM24/1402/16 Dtd 23.06.17 | 28 | |
| 2015-16 | KSA.MPM24/253/17 Dtd 14.02.18 | 20 | |
| 2016-17 | KSA.MPM24/2180/17 Dtd 24.07.18 | 24 | |
| 2017-18 | KSA.MPM24/2977/18 Dtd 07.08.19 | 26 | |
| 2018-19 | KSA.MPM24/25/20 Dtd 07.08.19 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്